## പതിനാലാം കേരള നിയമസഭ
## 10-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 590** **27.02.2018 -ൽ മറുപടിയ്ക്ക്**

### വയനാട് വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകളുടെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകളുടെ വികസനത്തിന് വിനോദസഞ്ചാര വകുപ്പ് ഈ സർക്കാരിന്റെ കാലത്ത് എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | എ) | വയനാട് ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകളുടെ വികസനത്തിന് വിനോദസഞ്ചാര വകുപ്പ് ഈ സർക്കാരിന്റെ കാലത്ത് 2.82 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് |
| (ബി) | ജില്ലയിൽ "എൻ -ഊര്" ടൂറിസം പ്രൊജക്റ്റിനായി അനുവദിച്ച തുക വകുപ്പിൽ നിന്നും റിലീസ് ചെയ്യാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പദ്ധതിക്കായി അനുവദിച്ചതും ചെലവഴിക്കാനുള്ളതുമായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | "എൻ -ഊര്" പദ്ധതിക്കായി സർക്കാർ 4.53 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ എക്സിക്യൂട്ടിംഗ് ഏജൻസിയായി വയനാട് ജില്ലാ നിർമിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആദ്യഘട്ട തുക അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ജില്ലയിലെ മേപ്പാടി, കാരാപ്പുഴ, അമ്പലവയൽ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന റോഡ് നവീകരണത്തിന് വിനോദസഞ്ചാര വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കുമോ എന്നറിയിക്കാമോ? | (സി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ